016020

**കേരള സർക്കാർ**

സംഗ്രഹം

സഹകരണ വകുപ്പ് - സഹകരണ പെൻഷൻ പദ്ധതി - ഒറ്റത്തവണ തീർപ്പാക്കാൽ പദ്ധതി - 01.04.2017 മുതൽ ഒരു മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (എ) വകുപ്പ്**

സ.ഉ. (സാധാ) നം. 185/2017/സഹ. തീയതി, തിരുവനന്തപുരം, 29.03.2017.

---

പരാമർശം: 1) സ.ഉ(സാധാ)നം.57/2017/സഹ തീയതി 07.02.2017.
2) പെൻഷൻ ബോർഡ് സെക്രട്ടറിയുടെ 22.02.2017-ലെ PB/PRO/OTS/2017 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ് ഓരോ ജീവനക്കാരന്റെയും പേരിൽ ബാക്കി നിൽപ്പുള്ള പെൻഷൻ ഫണ്ട് കുടിശ്ശിക 12% പലിശ വാർഷിക കൂട്ടുപലിശ നിരക്കിൽ തീർപ്പാക്കുന്നതിനു 01.01.2017 മുതൽ 31.03.2017 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഉത്തരവ് പുറപ്പെടുവിച്ചത് 07.02.2017-ൽ ആയതിനാൽ അന്നുവരെ ആർക്കും തന്നെ പദ്ധതിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്താൻ കഴിഞ്ഞില്ലായെന്നും ആയതിനാൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 01.04.2017 മുതൽ ഒരു മാസത്തേക്ക് കൂടി ദീർഘിപ്പിച്ചു തരണമെന്ന് പെൻഷൻ ബോർഡ് സെക്രട്ടറി പരാമർശം (2) പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം ഉത്തരവായ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 01.04.2017 മുതൽ ഒരു മാസത്തേക്കു കൂടി, പെൻഷൻ ബോർഡ് ഉൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി, ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**പി.എസ്.രാജേഷ്**

അഡീഷണൽ സെക്രട്ടറി.

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
സെക്രട്ടറി, കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡ്, പി.ബി.നം. 85, കലാ നിവാസ്, ടി.സി. നം. 27/156, 157 ചിന്മയ ലെയിൻ, ആയുർവേദ കോളേജിന് സമീപം, തിരുവനന്തപുരം-1
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
കരുതൽ ഫയൽ(എ 3/15/2017/സഹ)/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ